# കേരളസർവകലാശാല

നം.പി.ആർ.147/2021

## പത്രക്കുറിപ്പ്

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ.,ബി.എസ്സി., ബി.കോം. ഡിഗ്രി സ്പെഷ്യൽ പരീക്ഷ 2021 ആഗസ്റ്റ് 3 മുതൽ ആരംഭിക്കുന്നതാണ് വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് – 19 കാരണം 2021 മാർച്ചിലെ ആറാം സെമസ്റ്റർ ബി.എ., ബി.എസ്സി., ബി.കോം. സി. ബി.സി.എസ്.എസ്/സി.ആർ. എന്നീ പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റേയോ തദ്ദേശസ്വയംഭരണവകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം ആഗസ്റ്റ് 4 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.എ., ബി.എസ്സി., ബി.കോം., ബി.പി.എ., ബി.ബി.എ., ബി.സി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യു., ബി.വോക്. കരിയർ റിലേറ്റഡ് സി.ബി.സി. എസ്.എസ്. ആഗസ്റ്റ് 2021 പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. റെഗുലർ സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് 2020 അഡ്മിഷൻ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി, 2015 മുതൽ 2018 വരെയുള്ള അഡ്മിഷൻ – സപ്ലിമെന്ററി, മേഴ്സിചാൻസ് 2013 അഡ്മിഷൻ എന്നിവയുടെ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 9 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 12 വരെയും 400 രൂപ പിഴയോടുകൂടി ഓഗസ്റ്റ് 16 വരെയും അപേക്ഷിക്കാം. മേഴ്സി ചാൻസ് അപേക്ഷകർ പരീക്ഷാ ഫീസിനു പുറമേ നിർദ്ദിഷ്ട മേഴ്സിചാൻസ് ഫീസ് കൂടി അടക്കേണ്ടതാണ്.

കേരളസർവകലാശാല നടത്തുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ., ബി.എസ്. സി., ബി.കോം. ഡിഗ്രി ( റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2015 – 2018 അഡ്മിഷൻ, മേഴ്സിചാൻസ്– 2013 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 9 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 12 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. പുതുതായി ആരംഭിച്ച യുജി കോഴ്സുകളുടെ പരീക്ഷ രജിസ്ട്രേഷൻ തീയതി പിന്നീട് അറിയിക്കുന്നതാണ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വെർച്വൽ ടോക്കൺ സംവിധാനം

കേരളസർവകലാശാലയുടെ പാളയം, കാര്യവട്ടം, ആലപ്പുഴ ക്യാഷ് കൗണ്ടറുകളിൽ പ്രവൃത്തി ദിനങ്ങളിലെ പ്രവേശനം കോവിഡ് വ്യാപന പശ്ചാത്തലത്തിൽ, വെർച്വൽ ടോക്കൺ സിസ്റ്റം വഴി രജിസ്റ്റർ ചെയ്യുന്ന (https://pay.keralauniversity.ac.in/kupay/home) 200 പേർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. സമയം രാവിലെ 10.15 മുതൽ ഉച്ചക്ക് 3 മണി വരെയാണ്. പരീക്ഷാഫീസും മറ്റും തുടർന്നും ഓൺലൈനായി ഒടുക്കേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ – റെഗുലർ, 2016 – 2017 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 13 വരെ അപേക്ഷിക്കാം വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
29.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**